# കൈരളി റവ മിക്സ് യൂണിറ്റ് നൊച്ചാട്

നൊച്ചാട് ഗ്രാമ പഞ്ചായത്തിലെകൈരളി റവ മിക്സിങ്ങ് യൂണിറ്റ് 88/8/2001/NCH എന്ന അഫിലിയേഷൻ നമ്പറിൽ 2001ൽ 10 പേരടങ്ങിയ യൂണിറ്റായി തുടങ്ങിയതാണ്. ആദ്യകാലങ്ങളിൽ 15000 രൂപ വരെ മാസ വരുമാനം യൂണിറ്റിനു ലഭിച്ചിരുന്നു.തൊഴിലുറപ്പു പദ്ധതി വന്നപ്പോൾ യൂണിറ്റ് പ്രവർത്തനം ശോഷിക്കുകയും, കുറച്ച് കാലം യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും ചെയ്തു. 2015 ൽ ജില്ലാ മിഷൻ കൺസൾട്ടന്റ് യൂണിറ്റംഗങ്ങളുമായി സംസാരിക്കുകയും യൂണിറ്റിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ള 6 പേർ ചേർന്ന് ഫ്ലോർ, കറി പൗഡർ യൂണിറ്റായി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. ഇപ്പോൾ ഓരോ അംഗവും പ്രതിമാസം 2000 രൂപ വീതം മാസ വരുമാനമായി ലഭിക്കുന്നു.

മൂന്ന് ലക്ഷം രൂപ ലോൺ എടുത്ത് ആരംഭിച്ച ഈ യൂണിറ്റിന് 20000 രൂപ പഞ്ചായത്ത് സബ്സിഡിയും ലഭിച്ചിട്ടുണ്ട്. 1500 രൂപ പ്രതിമാസം കെട്ടിട വാടകയും 750 രൂപ വൈദ്യുതചാർജ്ജും യൂണിറ്റിന് ചെലവുണ്ട്. നിലവിലുള്ള സ്ഥലത്ത് നിന്ന് കൂടുതൽ മെച്ചപ്പെട്ട സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചാൽ യൂണിറ്റിനു കൂടുതൽ വരുമാനം ലഭിക്കുമെന്നാണ് യൂണിറ്റംഗങ്ങളുടെ അഭിപ്രായം. ദാക്ഷായണി എൻ.കെ  സെക്രട്ടറിയും, വൽസല സി.എം പ്രസിഡണ്ടുമാണ്.

അർഷിദ പി.കെ

എം.കെ.എസ്.പി. ബ്ലോക്ക് കോ ഓർഡിനേറ്റർ

പേരാമ്പ്ര ബ്ലോക്ക്